بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 30/10/2015

(16 MUHARRAM 1437 HIJRI)

Hazrat Khalifathullah Munir Ahmad Azim (A)

## SERVICE TO HUMANITY / മാനവ സേവനം

**PART 3**

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം, കോമറോസ്, റീയൂണിയൻ ഐലന്റ് എന്നിവിടങ്ങളിൽ ഈയിടെ നടത്തിയ സന്ദർശനത്തെക്കുറിച്ച് ചുരുക്കി പറഞ്ഞ ശേഷം (കഴിഞ്ഞ ആഴ്ചയിലെ വെള്ളിയാഴ്ച ഖുത്തുബ അവിടെയാണ് നിർവ്വഹിച്ചത്) മാനവസേവനം എന്ന വിഷയത്തിന്റെ മൂന്നാം ഭാഗം തുടർന്നു.

**കോമറോസ്, റീ യൂണിയൻ ഐലന്റ് സന്ദർശനം**

അല്ലാഹുവിന്റെ അനുഗ്രഹത്താലും, ദൈവീക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്താലും കഴിഞ്ഞ ആഴ്ച കോമറോസിലും റീ യൂണിയൻ ഐലന്റിലും എനിക്ക് പോകേണ്ടതായി വന്നു. എന്റെ സാന്നിദ്ധ്യം അവിടെ വളരെ അവശ്യമായിരുന്നു. 2013 മുതൽ നമ്മുടെ സഹോദരീ സഹോദരന്മാർ നമ്മെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. വളരെ പ്രധാനപ്പെട്ട ജോലികൾ ചെയ്യേണ്ടതായിട്ടുണ്ടായിരുന്നു. അതുകൊണ്ട് തന്നെ എനിക്ക് പോകേണ്ടിയും വന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ **"അല്ലാഹുവിനെ അതിജയിക്കാൻ ആർക്കും സാധ്യമല്ല"** എന്നത് വിളിച്ചറിയിച്ചുകൊണ്ട് അവിടെ നടത്തിയ എല്ലാ കാര്യങ്ങളിലും അല്ലാഹു (ത) വിജയശ്രീലാളിതനായി എന്നത് വളരെ പ്രകടമായ സത്യമാണ്. തികച്ചും അപ്രതീക്ഷിതമായി ഉന്നതങ്ങളിൽ നിന്നും ആത്മീയ ഫലങ്ങൾ കൊയ്തെടുക്കുവാൻ കഴിഞ്ഞു എന്നത് എനിക്ക് വിശദീകരിക്കുവാൻ പ്രയാസമുള്ള കാര്യമാണ്. അനേകം തടസ്സങ്ങൾ ഉണ്ടായിരിന്നിട്ടും എല്ലാം നീങ്ങിപ്പോയി. മുൻ കാലങ്ങളിൽ ഞാൻ പറഞ്ഞതുപോലെ അല്ലാഹുവിന്റെ ദൂതന്റെ ആഗമനത്തോടെ, നിങ്ങൾക്ക് എല്ലാ കാര്യങ്ങളും എളുപ്പത്തിൽ നേടിക്കളയാം എന്ന് കരുതി പോകരുത്. അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറഞ്ഞതുപോലെ **"ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് പറഞ്ഞാൽ, അവരെ പരീക്ഷണ വിധേയരാക്കാതെ വിട്ടുകളയുമെന്ന് ജനങ്ങൾ കരുതുന്നുവോ ? അല്ലാഹു (ത) നിശ്ചയമായും എല്ലാ നിലയിലും നിങ്ങളെ പരീക്ഷിക്കുന്നതാണ്. നിങ്ങളുടെ ധനം കൊണ്ടും നിങ്ങളുടെ സന്താനങ്ങളെക്കൊണ്ടും നിങ്ങളെ തന്നെയും പരീക്ഷിക്കുന്നതാണ്. നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിച്ചിരിക്കുന്നു എന്ന് പറഞ്ഞത് യഥാർത്ഥ വിശ്വാസത്തോടെയാണോ ? അതോ അല്ലയോ ?**

നമ്മുടെ പുരോഗതി തടസ്സപ്പെടുത്തുവാൻ ശ്രമിച്ച അന്തകന്മാരുടെ എല്ലാ ശ്രമങ്ങളെയും - കിളിർത്തു വന്ന എല്ലാ ചെടികളെയും മൂടോടെ പിഴുതു മാറ്റുവാൻ ശ്രമിക്കുകയും, വളർച്ച തടയുവാൻ ശ്രമിക്കുകയും, അതിൽ ഫലം ഉണ്ടാകാതിരിക്കുവാൻ കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്ത എല്ലാവരുടെയും പദ്ധതികളെ - അല്ലാഹുവിന്റെ അനുഗ്രഹത്താൽ, അല്ലാഹു (ത) അവരുടെ പദ്ധതികളെ വിജയിക്കുവാൻ അനുവദിച്ചില്ല. അവരുടെ ഭൂമിയിൽ നട്ട എല്ലാ ചെടികളെയും മൂടോടെ പിഴുതുമാറ്റുവാൻ ശ്രമിച്ചു; ഈ വിത്തുകൾ ഇട്ടത് അവർ തന്നെയാണ് എന്ന ഭാവേന, എന്നാൽ അല്ലാഹു (ത) ആരുടെ കഠിനാദ്ധ്വാനത്തിലൂടെയാണോ

ഈ പ്രവർത്തികൾ ചെയ്തത് അത് വ്യഥാവിലാകുവാൻ ആഗ്രഹിച്ചില്ല. എന്നാൽ ദൈവീക പദ്ധതിയനുസരിച്ച് തന്നെ, കഠിനാദ്ധ്വാനം ചെയ്തവർക്ക് അതിന്റെ വിളവ് എടുക്കുവാനുള്ള അവസരമാണ് നൽകിയിരിക്കുന്നത്. **വലിയ വൃക്ഷങ്ങളെ വളരാൻ അനുവദിക്കുകയും ചെറിയ വൃക്ഷങ്ങളെ നശിപ്പിക്കുകയും ചെയ്യുന്ന തോട്ടക്കാരനെ പോലയാകരുത് നിങ്ങൾ.**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ പ്രയത്നിച്ച ശേഷം, നാം കോമറൂസിൽ വളരെയധികം വിജയിച്ചിരിക്കുന്നു. കഴിഞ്ഞ ആഴ്ച തന്നെ, നമ്മുടെ സഹോദരീ സഹോദരന്മാരുടെ വളരെ ഹൃദ്യമായ ഒരു സ്വീകരണമാണ് ലഭ്യമായത്, അവിടുത്തെ വലിയ പള്ളിയിൽ, വെള്ളിയാഴ്ച ഖുത്തുബ നിർവ്വഹിക്കുവാനുള്ള അവസരവും ഉണ്ടായി. ഇൻശാ അല്ലാഹ് നമ്മുടെ ജമാഅത്തു അംഗങ്ങൾ, നമ്മുടെ വെബ്സൈറ്റിൽ കൂടുതൽ വിവരങ്ങൾ ഇത് സംബന്ധമായി നൽകുന്നതാണ്.

നമ്മുടെ ഈ മഹത്തായ വിജയത്തോടെ, അല്ലാഹുവിന്റെയും അവന്റെ മലക്കുകളുടെയും ശക്തമായ സഹായത്തോടെയാണ് അതുണ്ടായത്, നമ്മുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുവാൻ കഴിയുകയും ശത്രുക്കളെ തട്ടി പുറത്താക്കുവാനും കഴിഞ്ഞു. ഈ ബോക്സിംഗ് വലയത്തിലെ കയറിൽ അവർ പിടിച്ചു കയറുവാൻ പദ്ധതിയിട്ടാൽ, അതേ കയറുകൾ തന്നെ അവരെ പിടിച്ചു പുറത്താക്കുന്നതാണ്. ഈ ഉപമ മനസ്സിലാക്കുവാൻ ശ്രമിക്കുക. നിങ്ങൾ പ്രയത്നിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, നിങ്ങൾ നിങ്ങൾക്കുവേണ്ടി തന്നെ പ്രവർത്തി ചെയ്യുക. ഞങ്ങളുടെ പ്രവർത്തനങ്ങൾക്കകത്തു കയറി നിങ്ങൾ ഒന്നും ചെയ്യണ്ട. അഥവാ നിങ്ങൾ ഞങ്ങളുടെ ഇടയിൽ കയറി പ്രയാസങ്ങൾ സൃഷ്ടിക്കരുത്. അല്ലാഹു (ത) വിശുദ്ധ ഖുർ ആനിൽ പറഞ്ഞിരിക്കുന്നു. “ നിങ്ങൾക്ക് നിങ്ങളുടെ മതം, എനിക്ക് എന്റെ മതം” അല്ലാഹു (ത) കലക്കവെള്ളത്തിൽ മീൻ പിടിക്കുന്നത് ഇഷ്ടപ്പെടുന്നില്ല. മറ്റൊരു തരത്തിൽ പറഞ്ഞാൽ, എന്നെ പരിഹസിക്കുവാൻ ഈ ആളുകൾ എത്രത്തോളം പരിശ്രമിച്ചുവോ, അഥവാ അവർ എത്രത്തോളം പ്രശ്നങ്ങൾ സൃഷ്ടിക്കുവാൻ ശ്രമിച്ചുവോ അത്ര കണ്ട് അവരുടെ പദ്ധതികൾ പൊളിഞ്ഞു പോയി. ഈ വചനത്തെക്കുറിച്ച് ചിന്തിക്കുക **“ നിങ്ങൾ എത്രത്തോളം ശക്തമായി പന്തിനെ തട്ടുന്നുവോ, പന്ത് അത്രത്തോളം ഉയരത്തിൽ പോകുന്നു.”** ഇതെനിക്ക് മറ്റ് ആളുകളിലേക്ക് വളരെയധികം അവസരം നൽകുന്നു. മറ്റ് ഗ്രാമവാസികൾ വിവരങ്ങൾ അറിയുകയും, അവർ എന്നെ സന്ദർശിക്കുവാൻ എത്തുകയും തുടർന്ന് അവർ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ പ്രവേശിക്കുകയും ചെയ്യുന്നു. അൽഹംദുലില്ലാഹ് ! അല്ലാഹു അക്ബർ.

**ഒരു പ്രവാചകനും തന്റെ രാജ്യത്ത് പ്രവാചകനല്ല.** ദൈവീക ദൃഷ്ടാന്തങ്ങളിൽ നിന്നും അടയാളങ്ങളിൽ നിന്നും പിൻതിരിഞ്ഞു പോയവർ, ഈ ദൈവീക അനുഗ്രഹങ്ങളിൽ നിന്നും ആട്ടിയോടിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു (ത) അവരിൽ നിന്നും ഈ അനുഗ്രഹങ്ങൾ തിരിച്ചെടുത്തിരിക്കുന്നു. ഒരു വൃക്ഷം അതിന്റെ ശിഖരങ്ങൾ വിവിധ ഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതുപോലെ, എല്ലാ പ്രവർത്തനങ്ങളുടെയും ഫലങ്ങൾ വിവിധ ഭാഗങ്ങളിലേക്ക് (രാജ്യങ്ങളിലേക്ക്) വ്യാപിക്കുന്നതാണ്. ചെടി നട്ട ഒരു കർഷകൻ, അതിൽ നിന്നും ഒരു ഫലവും ഉൽപ്പാദിപ്പിക്കുവാൻ / വിളയെടുക്കുവാൻ കഴിയാത്തവനെ പോലെയാകരുത്, അതിന്റെ ശാഖകൾ അതിന്റെ അയൽ പ്രദേശങ്ങളിൽ ഫലദായകമായിമാറിക്കൊണ്ടിരിക്കുന്നു. മറ്റുള്ളവർ അതിന്റെ ഫലങ്ങൾ നുകർന്നുകൊണ്ടിരിക്കുന്നു. എന്നാൽ വൃക്ഷം നട്ടവനോ അതിൽ നിന്നും ആട്ടിയോടിക്കപ്പെട്ടവനായിരിക്കുന്നു. അങ്ങനെ മറ്റുള്ളവർ ആ ഫലങ്ങൾ നുകരണ്ട എന്നു കരുതി, അവൻ പോയി അതിന്റെ ശിഖരങ്ങളൊക്കെ മുറിച്ചു മാറ്റുന്നു. **എന്നാൽ ആത്മീയ രംഗത്ത് (മതത്തിൽ) അല്ലാഹു (ത) അവന്റെ സന്ദേശം ലോകത്തിന്റെ എല്ലാ കോണുകളിലും എത്തിക്കുന്നു, (മനുഷ്യന്റെ മോശമായ ഉദ്ദേശവും പ്രയത്നവും ഉണ്ടെങ്കിൽ പോലും !)** അല്ലാഹു (ത) വാഗ്ദാനം ചെയ്തതു പോലെ നിങ്ങൾ പിൻതിരിഞ്ഞു പോയാൽ, അല്ലാഹു (ത) മറ്റു ഹൃദയങ്ങളിൽ / ആളുകളിൽ / രാജ്യങ്ങളിൽ ഈ സന്ദേശത്തെ ആകർഷിപ്പിക്കുകയും, അല്ലാഹു (ത) ക്ക് വേണ്ടി അവർ സ്വയം അർപ്പണം ചെയ്യുകയും അവിശ്രമം, അവനുവേണ്ടി അവർ നിലകൊള്ളുകയും

ചെയ്യുന്നതാണ്.'' മറ്റുള്ളവർക്കൊപ്പം ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ മുഴുവൻ അംഗങ്ങൾക്കും ഇതൊരു മുന്നറിയിപ്പാണ്. നിങ്ങൾ ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിനുവേണ്ടി ചെയ്യുന്ന കാര്യങ്ങളെക്കുറിച്ച് നിങ്ങൾ തികച്ചും ബോധവാന്മാരായിരിക്കണം. നിങ്ങൾ നിങ്ങളുടെ ജോലികൾ നന്നായി ചെയ്യുന്നില്ലെങ്കിൽ, അല്ലാഹു (ത) നിങ്ങളിൽ നിന്നും ഈ അനുഗ്രഹത്തെ തിരിച്ചെടുക്കുന്നതിനെ ഭയന്നു കൊള്ളുക. മറ്റ് രാജ്യങ്ങളും ജനങ്ങളും മതപരമായ ഉത്തര വാദിത്വങ്ങൾ നിറവേറ്റുവാൻ ആകാംഷയോടെ കാത്തിരിക്കുന്നുണ്ട്. അവർക്കറിയാം ഈ ജോലി കൃത്യമായി എങ്ങനെയാണ് ചെയ്യേണ്ടതെന്ന് ! അതേ, ആ ജോലികൾ ലഭിക്കാനായി അവർ ആകാംഷയോടെ കാത്തിരിക്കുകയാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, മതപരമായ ജോലികൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെയാണ് നമ്മുടെ ജമാഅത്ത് ലോകത്ത് വിപുലപ്പെട്ടുകൊണ്ടിരിക്കുന്നത്. ഇൻശാ അല്ലാഹ് !

**മുമ്പ് ഞാൻ പറഞ്ഞത് പോലെ, ബിലാൽ (റ) തന്റെ രക്തം ചുട്ടുപഴുത്ത മണലാരണ്യത്തിലും, കൂർത്ത പാറക്കല്ലിലും ഇസ്ലാമിന് വേണ്ടി ചിന്തിയത് വെറുതെയല്ല! അതെ! അദ്ദേഹം ഒരു ആഫ്രിക്കക്കാരനായിരുന്നു. നിശ്ചയമായും അവസാനകാലത്ത്, ഇസ്ലാമിന്റെ അന്തിമ വിജയത്തിന്റെ ആരംഭം ആഫ്രിക്കയിൽ നിന്ന് ആരംഭിക്കുകയും അത് മറ്റു രാജ്യങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്യുന്നതാണ്. നമ്മുടെ പ്രവർത്തനങ്ങളിലുള്ള എല്ലാ വിജയങ്ങളും, അല്ലാഹുവിന് മാത്രമുള്ളതാണ്; എല്ലാ കാര്യങ്ങളിലും അതി ജയിക്കുന്നവനാണവൻ. ''ലാ ഗാലിബ ഇല്ലല്ലാഹ്''**

കോമറൂസ് സന്ദർശന വേളയിലെ പ്രസംഗ മധ്യേ ഖലീഫത്തുല്ലാഹ്, ഹസ്രത് മുനീർ അഹ്മദ് അസീം (സ) പറഞ്ഞു. ഇൻശാ അല്ലാഹ് ജമാഅത്തിന്റെ പദ്ധതികൾ താമസംവിനാ ആരംഭിക്കുന്നതാണ്. വിശിഷ്യാ 2013 ൽ അദ്ദേഹം കാലു കുത്തിയ പ്രഥമ ഗ്രാമത്തിൽ. നമ്മുടെ പള്ളി അവിടെ നിർമ്മിക്കുന്നതാണ്. ഈ നൂറ്റാണ്ടിലെ ഹസ്രത് ഖലീഫത്തുല്ലാഹ്യെ അംഗീകരിച്ച് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ ഭൗതികവും ആത്മീയവുമായ രംഗങ്ങളിലെ സമുന്നതർ പ്രവേശിച്ചിട്ടുണ്ട് എന്ന് സദസ്സിനെ അറിയിക്കുകയുണ്ടായി. പ്രഥമ വാർഷിക സമ്മേളനവും അവിടെ സംഘടിപ്പിക്കുകയുണ്ടായി.

## <u>മാനവ സേവനം / സ്നേഹവും ത്യാഗവും</u>

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂന്നാഴ്ച മുമ്പ് ആരംഭിച്ച (ഒക്ടോബർ 9,16 തീയതികളിൽ) മാനവ സേവനം/ ഖിദ്മത്തെ ഖൽഖ്) എന്ന വിഷയത്തിന്റെ മൂന്നാം ഭാഗം തുടരുകയാണ്.

ഇതൊരു വിശാലമായ വിഷയമാണ്. ആയതിനാൽ നമുക്ക് ഇത് സംബന്ധമായി വളരെയധികം ചിന്തിക്കാവുന്നതാണ്. നമ്മുടെ യജമാനരായ ഹസ്രത് മുഹമ്മദ് (സ) സസൂക്ഷ്മം സൃഷ്ടിച്ചതും തയ്യാറാക്കിയതുമായ സാമൂഹ്യകരുണയെപ്പറ്റി ! അദ്ദേഹം നൽകിയ ഒരു ചെറിയ ഉപദേശത്തിലൂടെ നമുക്ക് ഇത് സംബന്ധമായ നല്ല ഒരാശയം ലഭ്യമാകുന്നതാണ്. പ്രവാചകവചനങ്ങളുടെ വെളിച്ചത്തിൽ, ഹസ്രത് മുഹമ്മദ് (സ) വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തെക്കുറിച്ച്, സംസാരിച്ചിട്ടുണ്ട്. അതായത് നമ്മുടെ അയൽവാസികളുടെ കാര്യത്തിൽ നല്ല ശ്രദ്ധ ഉണ്ടായിരിക്കണം. അദ്ദേഹം പറഞ്ഞു. **''ഒരാളും, വിശിഷ്യാ സ്ത്രീകൾ, തങ്ങളുടെ അയൽവാസികളെ കുറിച്ച് മോശമായി കാണരുത്.''** സ്ത്രീകൾ (മുസ്ലീം സ്ത്രീകൾ) തങ്ങളുടെ അയൽവാസികളുമായി ഒരു നല്ല ബന്ധം സ്ഥാപിച്ചിരിക്കണം. അത് ഒരാടിന്റെ കാല് അവൾ സമ്മാനമായി നൽകിയാണെങ്കിൽ പോലും ! ഇത് തീർച്ചയായും നമ്മുടെ പ്രവാചകൻ നമുക്ക് നൽകിയ പരിശുദ്ധമായ ഒരു ഉപദേശമാണ്. ഈ ഉപദേശത്തിൽ അസാധാരണമായ വാഗ്മിത്വം കാണാൻ കഴിയും. അദ്ദേഹം പറഞ്ഞു നിങ്ങളുടെ അയൽവാസി നിങ്ങളെക്കാൾ താഴ്ന്നവനാണെന്ന് കരുതരുത്. അദ്ദേഹം നിങ്ങളെ ഉപദേശിക്കുന്നു. സമ്മാനങ്ങളിലൂടെ, നിങ്ങളുടെ അയൽവാസികളെ ആദരിക്കുക, വിശിഷ്യാ നിങ്ങളുടെ വീടുമായി അടുത്തു കഴിയുന്ന അയൽവാസിയെ ! നിങ്ങൾ നിങ്ങളുടെ അയൽവാസികൾക്ക് സമ്മാനങ്ങൾ നൽകുന്നില്ലെങ്കിൽ, അവർ നിങ്ങളുടെ കണ്ണു

കളിൽ ഒരു വിലയുമില്ലാത്തവരാണ്. **സാധാരണ മനുഷ്യ പ്രകൃതമാണ് തന്റെ അതേ നിലവാരത്തിലുള്ളവർക്കോ അഥവാ തന്നെക്കാൾ ഉയർന്ന നിലവാരത്തിലുള്ളവർക്കോ സമ്മാനങ്ങൾ നൽകുക എന്നത്!** അങ്ങനെ അവർ തന്നെക്കാൾ താഴെയുള്ളവരെയും അഥവാ ഏറ്റവും താഴേക്കിടയിലുള്ളവരെയും ബഹുമാനിക്കുവാൻ മറന്നു പോകുന്നു. ഇത് ആരംഭിക്കേണ്ടത് ഏറ്റവും താഴേക്കിടയിൽ നിന്നും തുടങ്ങി ഏറ്റവും ഉന്നതി വരെ തുട രേണ്ടതാണ്. മാനവ ബന്ധങ്ങളിലെ അതിർത്തികളാണത്. മാനവന് അനന്തരവകാശമായി ലഭിച്ച സംസ്കാര മാണ് സമ്മാനങ്ങൾ നൽകുക എന്നത്! തങ്ങൾ രൂപപ്പെടുത്തുന്ന വൃത്തങ്ങളിൽ മാത്രം അത് ഒതുങ്ങുന്നു. അഥവാ തങ്ങളെക്കാൾ ഉന്നതരിൽ മാത്രം അത് ഒതുങ്ങുന്നു. എന്നാൽ അതിനെതിരിൽ വിശുദ്ധ ഖുർ ആൻ വളരെ പ്രധാനപ്പെട്ട ഉപദേശം നൽകിയിരിക്കുന്നു. **ഖുർ ആൻ പറയുന്നു. നിങ്ങൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ എന്തെങ്കിലും ചെലവഴിക്കുമ്പോൾ, അത് നിങ്ങളുടെ ഇടയിൽ മാത്രമല്ല ചെലവഴിക്കപ്പെടുന്നതെന്ന് ഉറപ്പു വരു ത്തേണ്ടതാണ്. ഈ ചെലവഴിക്കൽ (അല്ലാഹുവിന് വേണ്ടി അവന്റെ മാർഗ്ഗത്തിൽ) സാമൂഹ്യ പദവിയിൽ നിങ്ങളെ ക്കാൾ താഴ്ന്നവരിലേക്കും നിശ്ചയമായും എത്തിയിരിക്കണം. അഥവാ മറ്റൊരു രീതിയിൽ പറഞ്ഞാൽ, ആവശ്യക്കാരി ലേക്കും എത്തിയിരിക്കണം. അല്ലാഹുവിന്റെ മാർഗ്ഗത്തിലാണ് നിങ്ങൾ ഈ പ്രവർത്തി ചെയ്യുന്നതെങ്കിൽ, നിങ്ങൾ മന സ്സിലാക്കണം, എല്ലാ മനുഷ്യരും അല്ലാഹുവിന്റെ സൃഷ്ടികളാണെന്ന് ! എല്ലാവരും ഒരേ സമീപനത്തിന് അർഹരാണ്. ഇപ്രകാരം ചെയ്യാതെ, ഈ നല്ല പ്രവർത്തികൾ നിങ്ങൾ നിങ്ങളുടെ ബന്ധുക്കൾക്ക് അഥവാ നിങ്ങളുടെ അയൽവാ സികൾക്ക് പരിമിതപ്പെടുത്തുമ്പോൾ അതൊരു ആഡംബര പ്രകടനമായി മാറുന്നു. അതായത് സമ്മാനങ്ങൾ നൽകുക തുടങ്ങിയവ, അങ്ങനെ അത് നിഷ്ഫലമായ ഒരു പ്രവർത്തിയായി മാറുന്നു. അങ്ങനെ, ഇത് നിങ്ങളുടെ തൻപോരിമ യ്ക്കുള്ള ഒരു പ്രവർത്തിയായി മാറുന്നു; നിങ്ങളുടെ ഇച്ഛകൾക്കുള്ള ഒരു പ്രവർത്തിയായി മാറുന്നു; നിങ്ങളുടെ നഫ്സിന്റെ ഇച്ഛാ പൂർത്തീകരണം മാത്രം അല്ലാതെ അത് അല്ലാഹുവിന് വേണ്ടിയുള്ളതായി മാറുന്നില്ല.**

അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. **" അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി അവർ അഗതി കൾക്കും, അനാഥർക്കും, ബന്ധനസ്ഥർക്കും ആഹാരം നൽകുന്നു."** അവർ അവരോട് പറയും; അല്ലാഹു വിന്റെ പ്രീതിക്കുവേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളിൽ നിന്ന് എന്തെ ങ്കിലും പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല." (76:9,10)

ഞാൻ നിങ്ങളുടെ മുമ്പാകെ ഇപ്പോൾ പാരായണം ചെയ്ത വചനങ്ങളിൽ അല്ലാഹു (ത) പറഞ്ഞു. അല്ലാഹുവിന്റെ തൃപ്തിക്കായി മറ്റുള്ളവർക്ക് ഭക്ഷണം നൽകുന്നവരിൽ, നിങ്ങൾക്കവരിൽ രണ്ട് ഗുണങ്ങൾ കാണാം. ഒന്നാമത്തേത് അവർ മറ്റുള്ളവർക്ക് ഭക്ഷണം നൽകുന്നത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടിയാ ണ്. രണ്ടാമത്തേത്, അവർക്ക് ആഹാരം ആവശ്യം ഉണ്ടെങ്കിലും, അവർ സ്വയം ആവശ്യക്കാരും, വിശപ്പുള്ള വരും ആണെങ്കിൽ പോലും, അവർ അല്ലാഹുവിന്റെ തൃപ്തിക്കായി ചെലവഴിക്കുന്നു. ഈ രണ്ട് ഘടക ങ്ങളും ഒന്നായി ചേരുമ്പോൾ ഒരു വ്യക്തി ത്യാഗം ചെയ്യേണ്ടതായി വരുന്നു. അവൻ ആഗ്രഹിക്കുന്നത് ത്യജി ക്കേണ്ടി വരുന്നു. അല്ലെങ്കിൽ ത്യാഗത്തിന് അവനിൽ യാതൊരു അർത്ഥവുമില്ല.

**സ്നേഹമില്ലെങ്കിൽ ത്യാഗത്തിന് യാതൊരർത്ഥവുമില്ല. മാതാക്കൾ അവരുടെ സന്താനങ്ങൾക്കായി ത്യാഗം ചെയ്യുന്നു. കാരണം അവർക്ക് ഈ കുട്ടികളോട് സ്നേഹമുണ്ട്. ഒരാൾ തന്റെ കാമുകിക്ക്/ കാമുകന് വേണ്ടി ത്യാഗം വരിക്കുന്നു. കാരണം അവൻ/ അവൾ, അവളെ/ അവനെ സ്നേഹിക്കുന്നു. ആയതിനാൽ ത്യാഗത്തിന് സ്നേഹവുമായി അഗാധ ബന്ധമുണ്ട്. അല്ലാഹു പറഞ്ഞപ്പോൾ അല്ലാഹുവിനോട് നിങ്ങൾക്ക് സ്നേഹ മുണ്ടെങ്കിൽ, നിങ്ങൾ ഇത്തരം പ്രവർത്തികൾ അനുഷ്ഠിക്കുക, അപ്പോൾ നിങ്ങളുടെ പ്രവർത്തികൾ അല്ലാ ഹുവിനോടുള്ള സ്നേഹത്തിൽ നിന്നും ഉണ്ടാകുന്നതാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ ഒരു സ്നേഹം മറ്റൊരു സ്നേഹത്തെ അതിജയിക്കുന്നു. നിങ്ങൾക്ക് അല്ലാഹുവിനോടുള്ള സ്നേഹത്താൽ, ഭൗതികമായുള്ള ഒരു സാധ നത്തോടുള്ള നിങ്ങളുടെ സ്നേഹത്തെ നിങ്ങൾ ത്യജിക്കുന്നു. നിങ്ങൾക്ക് ഇഹലോക കാര്യങ്ങളിലുണ്ടായി രുന്ന സ്നേഹത്തെ നിങ്ങൾക്ക് അല്ലാഹുവിനോടുള്ള സ്നേഹകൂടുതൽകൊണ്ട് ത്യജിക്കുന്നു എന്ന് സാരം.**

**ഇതിന്റെ തെളിവായി നമുക്കു പറയാൻ കഴിയും, ജനങ്ങൾ നിങ്ങൾക്ക് നന്ദി രേഖപ്പെടുത്താൻ വരുമ്പോൾ, നിങ്ങൾ അക്കാരണത്താൽ അത്ഭുതപ്പെടുക, അതായത് ഇക്കാരണത്താൽ നിങ്ങൾ കുഴപ്പത്തിൽ ആയേക്കുമോ എന്ന്! എന്തുകൊണ്ട് ? നിങ്ങളുടെ നല്ല പ്രവർത്തനങ്ങളുടെ മൂല്യം ഇതുമൂലം നഷ്ടപ്പെടുമോ എന്ന് ഭയപ്പെടുക. കാരണം നിങ്ങൾ ഇവരുടെ നല്ല വാക്കോ പ്രതിഫലമോ കാംഷിച്ചിട്ടില്ല; മറിച്ച് അല്ലാഹുവിന്റെ തൃപ്തിയും സന്തോഷവും മാത്രമാണ് കാംഷിച്ചിട്ടുള്ളത്. ഇതിന്റെ കാരണം നിങ്ങളുടെ മുൻഗണന അല്ലാഹു മാത്രമാണ്, അവനെ തൃപ്തിപ്പെടുത്തുക എന്നതുമാത്രമാണ് ലക്ഷ്യം, അതിനായി പരമാവധി പരിശ്രമിക്കുക, അങ്ങനെയായാൽ അവൻ നിങ്ങളിൽ പ്രസാദിക്കും, ജനങ്ങളല്ലാ നിങ്ങളിൽ പ്രസാദിക്കേണ്ടത്! ജനം നിങ്ങളോട് നന്ദിയും കടപ്പാടും രേഖപ്പെടുത്തുകയാണെങ്കിൽ, ഇത് നിങ്ങളിൽ അഹംഭാവവും തൃപ്തിയും വർദ്ധിപ്പിക്കരുത്; മറിച്ച് നിങ്ങൾ ചെയ്ത നല്ല പ്രവർത്തികളുടെ മൂല്യം നഷ്ടപ്പെട്ടു പോകുമോ എന്ന് ഭയപ്പെടുക.**

ഈ വചനം വിവരിക്കുന്നത്, ഇത്തരം മുത്തഖീങ്ങൾ, അവർ ആരെ സഹായിക്കുന്നുവോ അത്, അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമാണ് എന്നവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നു. നിങ്ങൾക്കുവേണ്ടി ഞങ്ങൾ ചെലവഴിച്ചത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രമാണ്. അതുകൊണ്ട് നിങ്ങൾ ദയവായി നന്ദി വാക്ക് പറയാൻ പോലും ചിന്തിക്കരുത് ! ഒരു പ്രതിഫലവും തരുകയുമരുത്. ഞങ്ങൾക്കുള്ള പ്രതിഫലം അല്ലാഹുവിൽ നിന്നും ലഭിക്കുന്നതാണ്! അതിനുവേണ്ടിയാണ് ഞങ്ങൾ ഈ സത്പ്രവർത്തി ചെയ്തത്.

ഈ വിഷയം വളരെ ആഴമുള്ളതാണ്. ആയതിനാൽ നിങ്ങളുടെ മുൻപിൽ മറ്റൊരു പാത തുറക്കുകയാണ്. ഇത് വളരെ പ്രാധാന്യമുള്ളതായി തീരുന്നു. നിങ്ങൾ മാനവകുലത്തെ സേവിക്കുമ്പോൾ! ഇത് നിങ്ങൾ ചെയ്യുന്നത് അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി മാത്രവും ! ആയതിനാൽ നിങ്ങൾ ഇത്തരം ആളുകളോട് പറയുക. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ നിങ്ങൾക്കു വേണ്ടി ഒരു ആനുകൂല്യവും ചെയ്യുന്നതായി കരുതുന്നില്ല. അല്ലാഹു മാത്രമാണ് നിങ്ങൾക്കു വേണ്ട എല്ലാ ആനുകൂല്യങ്ങളും ചെയ്യുന്നത് ! ഞങ്ങൾ ചെയ്യുന്നതും അല്ലാഹുവിന്റെ ആനുകൂല്യത്തിനുവേണ്ടിയാണ്. ഈ സന്ദേശമാണ്, ആ വചനത്തിന്റെ അവസാന ഭാഗത്ത് ഉൾപ്പെടുത്തയിരിക്കുന്നത്. ഒരാളിൽ കുടികൊണ്ടിരിക്കുന്ന നന്മ ഈ പ്രവർത്തിയിലൂടെ നാം മറ്റുള്ളവരിലേക്ക് ചിന്തോദീപങ്ങളാക്കി മാറ്റുന്നു. ഇത് നമ്മുടെ ഇഹ്സാൻ (നന്മ) അല്ല. ആയതിനാൽ ഇത് മഹത്തായൊരു വിഷയമാണ്. അതുകൊണ്ട് നിങ്ങൾ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുക.

ജനങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ, അതായത് ഒരാൾ മറ്റുള്ളവർക്ക് നന്മ ചെയ്യുന്നു; നല്ല നിലയിൽ വർത്തിക്കുന്നു. ഇത് അവരുടെ നന്മകൊണ്ടല്ല എന്നത് വ്യക്തമാണ്. അവരെകൊണ്ട് ഈ നല്ല പ്രവർത്തി ചെയ്യിക്കുന്നവന്റെ നന്മയാണ്. ആ നിമിഷം മുതൽ ഈ ആളുകളുടെ ശ്രദ്ധ അല്ലാഹുവിലേക്ക് കേന്ദ്രീകരിക്കുന്നതാണ്. **കാര്യം മനസ്സിലാകാനായി ഒരു ഭൃത്യന്റെ പ്രവർത്തിയെ നമുക്ക് പരിശോധിക്കാം.** അയാൾ, ആ ഭൃത്യൻ ഒരു യാചകന് ചിലത് നൽകി. ആ സമയം മുതൽ ഭൃത്യനിൽ നിന്നും യാചകന് ലഭിച്ച സാധനങ്ങൾ മൂലം അയാൾ ഭൃത്യന് നന്ദി പറയുവാനും അവന് വേണ്ടി പ്രാർത്ഥിക്കുവാനും തുടങ്ങി. എന്നാൽ ആ ഭൃത്യൻ പറഞ്ഞു. ഇല്ല, ഈ നല്ല പ്രവർത്തി ചെയ്തത് ഞാനല്ല, ഈ വീടിന്റെ ഉടമസ്ഥനാണിത് ചെയ്യുവാൻ എന്നോട് കൽപ്പിച്ചത്. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ നിങ്ങൾക്കൊന്നും ചെയ്തിട്ടില്ല. എന്നാൽ എന്റെ യജമാനനാണ് എന്നോട് പറഞ്ഞത്, ഏതെങ്കിലും യാചകനോ, പാവപ്പെട്ടവനോ വാതിലിൽ മുട്ടിയാൽ ഒഴിഞ്ഞ കയ്യുമായി അവനെ വിടരുത്! " ഭൃത്യൻ സാഹചര്യം വിശദീകരിച്ചപ്പോൾ, യാചകൻ ശരിയായ നിലയിൽ വീട്ടുടമസ്ഥനുവേണ്ടി പ്രാർത്ഥിച്ചു. ഈ വിഷയത്തിലും ഈ ഖുർ ആൻ വചനത്തിൽ, നമ്മോട് വിശദീകരിക്കുന്നത് ഇതാണ്! അതായത് നമുക്ക് പറയാം. എല്ലാ സന്ദേശവും ആത്യന്തികമായി ബന്ധപ്പെട്ടിരിക്കുന്നത് പ്രപഞ്ചരക്ഷിതാവായ അല്ലാഹുമായിട്ടാണ്.

ശിക്ഷണ കാര്യത്തിൽ വളരെയധികം അറിവ് നമുക്ക് ഈ വിഷയത്തിലൂടെ ലഭിച്ചിരിക്കുകയാണ്. ഹസ്രത് മുഹമ്മദ് (സ) ഇതേ അദ്ധ്യാപനമാണ് നമുക്ക് നൽകിയിട്ടുള്ളത്; ഖുർ ആന്റെ അഗാധമായ ജ്ഞാന

വിജ്ഞാനത്തിന്റെ പ്രതിഫലനമാണ് തുടർന്ന് വന്നിട്ടുള്ള ഫലങ്ങളെല്ലാം. പരിശുദ്ധ ഖുർആനിൽ പരിശുദ്ധ പ്രവാചകനു അഗാധ ജ്ഞാനമുണ്ടായിരുന്നു. അതിൽ നിന്നുമാണ് ഹദീസ് രൂപത്തിൽ പരിശുദ്ധവും രസ കരവുമായ ഉപദേശങ്ങൾ നമുക്ക് നൽകിയത്. ഈ പാഠങ്ങളിലൂടെയാണ്, ഈ ഉപദേശങ്ങളിലൂടെയാണ് ഈ ആത്മീയ വിപ്ളവവും ഉടലെടുത്തത്.

ഒരു സാധാരണ മനുഷ്യൻ, അയാൾ ഖുർ ആൻ മാത്രം അവലംബമാക്കിയാൽ, അവനത് മതിയാകു ന്നതല്ല. ദൈവീക ജ്ഞാനം ലഭിച്ച, അല്ലാഹുവുമായി അടുത്ത ബന്ധമുള്ള ഒരാളിന്റെ അതേ കണ്ണുകളിലൂടെ ഖുർ ആനെ നോക്കി കാണാത്തിടത്തോളം കാലം അവനത് മനസ്സിലാകുന്നതല്ല. ഖുർ ആന്റെ ഏറ്റവും വലിയ ജ്ഞാനം കരസ്ഥമാക്കിയത് നിശ്ചയമായും ഹസ്രത് മുഹമ്മദ് (സ) തന്നെയാണ്. ആയതിനാൽ, ഹദീസുക ളിൽ നിന്നും കാര്യങ്ങൾ ലഭ്യമാകുവാൻ, നിങ്ങൾ അവയെ ഖുർ ആനുമായി ബന്ധിപ്പിക്കണം. അപ്പോൾ, നിങ്ങ ളുടെ മുമ്പിൽ ഒരു പുതിയ വിഷയം രൂപം കൊള്ളും. അതിലൂടെ നിങ്ങൾക്കൊരു പുതിയ ആശയ ലോകം ലഭ്യമാകുന്നതാണ്.

**ഹസ്രത് മുഹമ്മദ് (സ) യുടെ ജീവിത മാതൃകയിലൂടെ, നിങ്ങളുടെ ഭവനത്തെ എങ്ങനെ നേരെയാക്കാം സ്വകുടുംബ ബന്ധങ്ങളെ എങ്ങനെ ശരിയാക്കാം, ഇതര കുടുംബ ബന്ധങ്ങളെ എങ്ങനെ ശരിപ്പെടുത്താം. പിതാവും മകനും തമ്മിലുള്ള ബന്ധം എങ്ങനെ ശക്തിപ്പെടുത്താം. മാതാവും പുത്രനും തമ്മിലുള്ള ബന്ധം എങ്ങനെ ഊഷ്മളമാക്കാം അതുപോലെ ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം എങ്ങനെ നേരെയാക്കാം. ഇതിനെല്ലാമുള്ള പരിഹാരങ്ങൾ നബികരീം (സ)ന്റെ ജീവിത മാതൃകയിലുണ്ട്.** ഈ മാതൃക പിൻ പറ്റുന്നതി ലൂടെ ഇതിന്റെ പ്രയോജനങ്ങൾ നിങ്ങൾക്ക് ലഭിക്കുന്നതാണ്. ഇതിന്റെ പ്രയോജനം നിങ്ങളുടെ കുടുംബ ത്തിൽ മാത്രം ഒതുങ്ങി നിൽക്കേണ്ടതാണോ ? അല്ല. ഒരിക്കലുമല്ല. കാരണം പ്രവാചകൻ പ്രപഞ്ചത്തിന്റെ കാരുണ്യമാണ്. ആയതിനാൽ ഈ പ്രയോജനങ്ങൾ നിങ്ങളുടെ ഭവനത്തിന് പുറത്തേക്കും ഒഴുകേണ്ടതുണ്ട്; അയൽവാസികളുടെ വീടുകളിലും ഇത് കടന്നു ചെല്ലേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയം അയൽവാ സികളുടെ അവകാശങ്ങളെയും പരിഗണിക്കുന്നതാണ്. ആയതിനാൽ ഇത് വളരെ പ്രധാനപ്പെട്ട കാര്യവുമാ ണ്. ആയതിനാൽ തബ്ലീഗ് ചെയ്യുവാൻ, ഈ യാത്ര ആരംഭിക്കുവാൻ, അയൽവാസികളുമായുള്ള നിങ്ങ ളുടെ ഉത്തരവാദിത്വങ്ങളും പൂർത്തിയാക്കേണ്ടതുണ്ട്. അവരുടെ അവകാശങ്ങൾ അവർക്ക് നൽകേണ്ടതുണ്ട്. നിങ്ങൾ മനസ്സിലാക്കണം നിങ്ങളുടെ അയൽവാസിയുമായി അഭിവാദനങ്ങൾ പറയുക യും അവരുമായി സംവദിക്കുകയും ചെയ്യുന്നത് അവരുടെ രഹസ്യ ജീവിതത്തെ ചാരവൃത്തി നടത്തുവാനു ള്ള ഏക ഉദ്ദേശത്തോടുകൂടിയാണെങ്കിൽ, ഈ നിന്ദ്യമായ പ്രവർത്തി നിങ്ങൾക്ക് യാതൊരുവിധ പ്രയോജ നവും ചെയ്യുന്നതല്ല. ഇത് നിങ്ങൾക്ക് നന്മയെക്കാൾ ഉപരി ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. മാത്രമല്ല വലിയ പാപവുമാണ്. (ഈ വിഷയത്തെക്കുറിച്ച് സൂറഃ അൽ ഹുജ്റാത്തിൽ ദീർഘമായി പ്രതിപാദിക്കുന്നു)

മറ്റുള്ളവർക്ക് പ്രയോജനം ലഭിക്കുന്ന ഉപദേശം നിങ്ങൾ നൽകേണ്ടതാണ്. അവർക്ക് എന്തെങ്കിലും സമ്മാനങ്ങൾ നൽകിക്കൊണ്ടാണ് ഇതാരംഭിക്കേണ്ടത്. ഈ നല്ല പ്രവർത്തി ആവർത്തിക്കേണ്ടതാണ്. ഓരോ സമയവും ഈ നല്ല പ്രവർത്തി ചെയ്യുന്നതരാണെന്ന്, ഈ സമ്മാനം ലഭിക്കുന്നവർ ആരായും. അപ്പോൾ അവൻ നിന്നെ അന്വേഷിച്ച് വരും, നിങ്ങൾ അവനെ അന്വേഷിച്ചു പോകേണ്ട കാര്യമില്ല. ഈ രീതിയിൽ, ഈ ബാഹ്യ മായ, (ഭൗതികമായ) സമ്മാനം ആന്തരിക (ആത്മീയ) സമ്മാനത്തിലേക്ക് വഴിമാറും. അപ്പോൾ, ആ സമയത്ത് നിങ്ങൾ ഒരു ഭൗതിക സമ്മാനം മാത്രമല്ല നൽകുന്നത്, അതോടൊപ്പം ആത്മീയ സമ്മാനവും സ്വീകരിക്കത്തക്ക നിലയിൽ, അവന്റെ ഹൃദയത്തെ പാകപ്പെടുത്തേണ്ടതാണ്.

നല്ല അയൽവാസികളായി തീരാൻ നിങ്ങളിൽ നിന്നും മഹത്തായ ധാർമ്മികതകൾ ഉണ്ടാകേണ്ടതുണ്ട്. നിങ്ങൾ നല്ല ധാർമ്മികത വച്ചു പുലർത്തിയാൽ, നിങ്ങൾക്ക് വളരെയധികം പ്രയാസ ങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ കഴിയുന്നതാണ്. നിങ്ങൾക്ക് അതുപോലെ എല്ലാവിധ ആത്മീയ സമ്മാന

ങ്ങളും സ്വീകരിക്കുവാൻ കഴിയുന്നതുമാണ്. ഇൻശാ അല്ലാഹ്! അല്ലാഹു (ത) നിങ്ങളെ ഓരോരുത്തരെയും സഹായിക്കട്ടെ, നിങ്ങളുടെ ഹൃദയങ്ങൾ തുറക്കട്ടെ, അവന്റെ അറിവുകൊണ്ട് നിങ്ങളെ പ്രകാശിപ്പിക്കട്ടെ, അങ്ങനെയായാൽ നിങ്ങൾ ഓരോരുത്തർക്കും എന്റെ ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബ മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. ഇൻശാ അല്ലാഹ് ! അടുത്ത വെള്ളിയാഴ്ച ഖുത്തുബയ്ക്ക് ഇതിന്റെ നാലാം ഭാഗം തുടരുവാനുള്ള അറിവ് തരുവാനായി ഞാൻ അല്ലാഹു (ത) യോട് തീവ്രമായി പ്രാർത്ഥിക്കുന്നു. ഇൻശാ അല്ലാഹ് ! ആമീൻ.


**Translated & Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************